"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കൊല്ലം നഗരസഭയിലെ സാനിറ്റേഷൻ വർക്കർ ശ്രീ കെ.രവീന്ദ്രന്റെ ഭാര്യയുടെ ചികിത്സയ്ക്ക് ചിലവായ തുക റി-ഇമ്പേഴ്സ് ചെയ്യുന്നതിന് അനുമതി നൽകി ഭേദഗതി ഉത്തരവ്-പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.409/2024/LSGD തീയതി,തിരുവനന്തപുരം, 19-02-2024

---

പരാമർശം:-

1. 6-10-2015ലെ 4412/G2/2015/ ആ.കു.വ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 1-9-2023ലെ MR 4-298382/2023/ആവഡ നമ്പർ കത്ത്.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12-10-2023 LSGD/PD/33342/2023-DEG1 നമ്പർ കത്ത്.
4. സ.ഉ.(സാധാ) നം.77/2024/തസ്വഭവ തീയതി 09-1-2024

**ഉത്തരവ്**

കൊല്ലം നഗരസഭയിലെ സാനിറ്റേഷൻ വർക്കർ ശ്രീ കെ.രവീന്ദ്രന്റെ ഭാര്യയുടെ ചികിത്സയ്ക്ക് തിരുവനന്തപുരം RCC, ജില്ലാ ആശുപത്രി കൊല്ലം എന്നിവിടങ്ങളിൽ ചികിത്സ നടത്തിയതുമായി ബന്ധപ്പെട്ട് സർക്കാർ നിരക്കുകൾ പ്രകാരം അനുവദനീയമായ തുക 1,93,773 രൂപ(ഒരു ലക്ഷത്തി തൊണ്ണൂറ്റി മൂന്നായിരത്തി എഴുനൂറ്റി എഴുപത്തിമൂന്നു രൂപ മാത്രം),യാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു. തുടർന്ന് പരാമർശം (4) പ്രകാരം, അനുവദനീയമായ തുകയായ 1,93,773 രൂപയുടെ 80% തുകയായ 155018രൂപ(ഒരു ലക്ഷത്തി അമ്പത്തിഅഞ്ചായിരത്തി പതിനെട്ടു രൂപ മാത്രം )മെഡിക്കൽ റി-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ, പരാമർശം(1) സർക്കുലർ പ്രകാരം, തിരുവനന്തപുരം RCC യിൽ ചികിത്സയ്ക്ക് ചെലവാകുന്ന തുകയിൽ ആരോഗ്യവകുപ്പ് മേധാവി/ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയമാണെന്ന് സാക്ഷ്യപ്പെടുത്തിയ മുഴുവൻ തുകയും പ്രതിപൂരണം ചെയ്യാവുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, കൊല്ലം നഗരസഭയിലെ സാനിറ്റേഷൻ വർക്കർ ശ്രീ കെ.രവീന്ദ്രന്റെ ഭാര്യയുടെ ചികിത്സയ്ക്ക് തിരുവനന്തപുരം RCC, ജില്ലാ ആശുപത്രി കൊല്ലം എന്നിവിടങ്ങളിൽ ചികിത്സ നടത്തിയതുമായി ബന്ധപ്പെട്ട് ചിലവായ തുകയിൽ അനുവദനീയമായ തുകയായ 1,93,773 രൂപ(ഒരു ലക്ഷത്തി തൊണ്ണൂറ്റി മൂന്നായിരത്തി എഴുനൂറ്റി എഴുപത്തിമൂന്നു രൂപ മാത്രം), മെഡിക്കൽ റി-ഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. പരാമർശം (4) പ്രകാരമുള്ള സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടു കൂടി

നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി,കൊല്ലം നഗരസഭ.(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ.കെ രവീന്ദ്രൻ,സാനിട്ടേഷൻ വർക്കർ,കൊല്ലം നഗരസഭ.(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 19-02-2024 17:02:19
സെക്ഷൻ ഓഫീസർ